പ്രസ്സ് റിലീസ് ജൂൺ 18, 2013

# ശബരിമലയിൽ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും: മന്ത്രി വി.എസ്. ശിവകുമാർ

ശബരിമലയിൽ അടുത്ത മണ്ഡലം-മകരവിളക്ക് മഹോത്സവത്തിന് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റിൽച്ചേർന്ന ഉന്നതതലയോഗം തീരുമാനിച്ചതായി ദേവസ്വം വകുപ്പു മന്ത്രി വി. എസ്. ശിവകുമാർ അറിയിച്ചു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്നും വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങളിൽ ഏകോപനം ഉറപ്പുവരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

മാളികപ്പുറത്ത് ഫ്ളൈ ഓവറും മരക്കൂട്ടത്ത് അണ്ടർപാസ്സും നിർമ്മിക്കും. ശബരിമലയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കും. ഇതിന്റെ നിർമ്മാണം ആഗസ്റ്റ് 10 ന് ആരംഭിച്ച് പതിനെട്ട് മാസം കൊണ്ട് പൂർത്തിയാക്കും. സ്വാമി അയ്യപ്പൻ റോഡിന്റെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തും. പമ്പ-സന്നിധാനം സമാന്തര പൈപ്പ് ലൈൻ പദ്ധതി സീസണുമുമ്പ് പൂർത്തിയാക്കും. ആവശ്യമുള്ളിടങ്ങളിൽ സ്ഥിരം ബാരിക്കേഡുകൾ സ്ഥാപിക്കും. സന്നിധാനത്ത് ആറ് കോടി രൂപ ചെലവിൽ രണ്ട് അന്നദാന മണ്ഡപങ്ങൾകൂടി നിർമ്മിക്കും. സന്നിധാനത്തെ ലോവർ തിരുമുറ്റം 2 കോടി രൂപ ചെലവിൽ നവീകരിക്കും. പൈപ്പ്ലൈനിൽ നിശ്ചിത അകലത്തിൽ ടാപ്പുകൾ സ്ഥാപിച്ച് ചുക്കുവെള്ളം വിതരണം ചെയ്യും. പമ്പ-മരക്കൂട്ടം ഭാഗത്ത് കൂടുതൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കും. സന്നിധാനത്ത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

നിലയ്ക്കൽ ബേസ് ക്യാമ്പിലെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പതിനായിരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമാണ് ഇവിടെ ഒരുക്കുന്നത്. പാർക്കിംഗ് ഗ്രൗണ്ട്, റോഡുകൾ, കുടിവെള്ളവിതരണ സംവിധാനം എന്നിവയുടെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയായി. കണമല പാലത്തിന്റെ നിർമ്മാണം സീസണുമുമ്പ് പൂർത്തിയാക്കും. ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നവീകരണ ജോലികൾ സമയബന്ധിതമായി നടത്തും. മണ്ണാറക്കുളഞ്ഞി-ചാലക്കയം അമ്പത്തിമൂന്ന് കിലോ മീറ്റർ റോഡിന്റെ ഹെവി മെയിന്റനൻസ് ജോലികളിൽ ഇരുപത്തിമൂന്ന് കിലോമീറ്റർ പൂർത്തിയായി. ബാക്കി ഭാഗം സീസണുമുമ്പ് പൂർത്തിയാക്കും.

സീറോ വേസ്റ്റ് ശബരിമല പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ യോഗം നിർദ്ദേശിച്ചു. ഈ പദ്ധതിക്കുവേണ്ടി പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി. പമ്പ ആശുപത്രി മന്ദിരത്തിന്റെ ഒരു നില സീസണുമുമ്പ് പ്രവർത്തനക്ഷമമാക്കും. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കും. സമീപ പ്രദേശങ്ങളിലെ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. എരുമേലിയിലെ തോട് നവീകരിക്കും. കെ.എസ്.ആർ.ടി.സി ആവശ്യാനുസരണം ബസ് സർവ്വീസുകൾ നടത്തും. സന്നിധാനത്ത് പുതിയ ഉണ്ണിയപ്പം പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

യോഗത്തിൽ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ്, ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ കെ. ജയകുമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ് എം.പി. ഗോവിന്ദൻ നായർ, അംഗം സുബാഷ് ബാസു, കമ്മീഷണർ പി. വേണുഗോപാൽ, ദേവസ്വം സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ഡി.ജി.പി കെ.എസ്. ബാലസുബ്രഹ്മണ്യൻ,, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഗോപിനാഥ്, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജമീല, കെ.എസ്.ആർ.ടി.സി എം.ഡി: കെ.ജി. മോഹൻലാൽ മറ്റ് ഉന്നതതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

Press Secretary to Health Minister
(9946105965)